9066

18664 13509/17

നം. എം. 4/66859/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 14.09.2017.
ഫോൺ: 0471-2580 595; msndpi@gmail.com.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊ.വി.വ. - സംസ്ഥാനത്തെ സ്കൂളുകളിൽ ദേശാഭിമാനി ' അക്ഷരമുറ്റം ക്വിസ് ' ഫെസ്റ്റിവൽ നടത്തുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച് -

സൂചന : ദേശാഭിമാനി പബ്ലിക്കേഷൻസ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 13.09.2017 ലെ അപേക്ഷ.

***************************

ദേശാഭിമാനി പബ്ലിക്കേഷൻസ് കഴിഞ്ഞ 6 - വർഷമായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ചു വരുന്ന ' അക്ഷരമുറ്റം ക്വിസ് ', ഈ വർഷവും സ്കൂളുകളിൽ നടത്തുന്നതിന് അനുമതി നൽകണമെന്ന് സൂചന പ്രകാരം അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ' അക്ഷരമുറ്റം ക്വിസ് 'പരിപാടി, സ്കൂളുകളിലെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് തടസം ഉണ്ടാകാത്ത രീതിയിൽ ഈ വർഷവും നടത്തുന്നതിന് അനുമതി നൽകിയതായി അറിയിക്കുന്നു. സ്കൂൾതല മത്സരം 27.09.2017 നും, സബ് ജില്ലാതലമത്സരം 14.10.2017 നും, ജില്ലാതല മത്സരം 28.10.2017, 29.10.2017 എന്നീ തീയതികളിലുമാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. പരിപാടിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സഹകരണം നൽകണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

അഡ്വ. വി.കെ. പ്രസാദ്,
ഡെപ്യൂട്ടി ജനറൽ മാനേജർ, ദേശാഭിമാനി പബ്ലിക്കേഷൻസ്,
അരിസ്റ്റോ ജംഗ്ഷൻ, തമ്പാനൂർ, തിരുവനന്തപുരം - 1.

ഉത്തരവിന്റെ നമ്പർ DB/9066/2017 Dt 3.10.17
എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു.

Scanned by CamScanner